(ബി) പ്രസ്തുത റോഡ് നിർമ്മാണം ഈ വർഷത്തിൽ തന്നെ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടയൂർ—ഈയത്തോട്—വയ്യാറിൻകര റോഡ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതല്ല.

(ബി) മുകളിൽ സൂചിപ്പിച്ച കാരണത്താൽ ചോദ്യം ഉദിക്കുന്നില്ല.

കാക്കൂർ പാലച്ചുവട് റോഡ്

886 [1001] ശ്രീ. ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുമാറാടി—പിറവം പഞ്ചായത്തുകളെ ബന്ധപ്പെടുത്തുന്ന കാക്കൂർ പാലച്ചുവട് റോഡ് പി. ഡബ്ലിയു. ഡി. ഏറ്റെടുത്ത് നിർമ്മിക്കുന്നതിനു വേണ്ട നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാക്കൂർ—പാലച്ചുവട് റോഡ് 1981-ൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത റോഡിൽ ഒരു മേജർ പാലം പണിയേണ്ടതുണ്ട്. അതിലേക്കാവശ്യമായ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

മടവൂർ പഞ്ചായത്തിലെ പണി പൂർത്തീകരിച്ചിട്ടില്ലാത്ത റോഡുകൾ

887 [1011] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജക മണ്ഡലത്തിൽ മടവൂർ പഞ്ചായത്തിൽ പണി ആരംഭിച്ചെങ്കിലും പൂർത്തീകരിച്ചിട്ടില്ലാത്ത റോഡുകൾ എത്ര ഉണ്ടെന്നും അവ ഏതെല്ലാം ആണെന്നും വ്യക്തമാക്കാമോ;

(ബി) അവയിൽ നടപ്പു സാമ്പത്തിക വർഷത്തിൽ ഏതെല്ലാം റോഡുകളുടെ പണിയാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിലേയ്ക്കുവേണ്ടി എന്ത് തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തിൽ അവശേഷിക്കുന്ന റോഡുകളുടെ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളൊന്നുംതന്നെയില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly